**15 –ാം കേരള നിയമസഭ**

**12 –ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2235** **14-10-2024 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 കാലയളവിൽ സംസ്ഥാനത്ത് സപ്ലൈകോ വഴി നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് യഥാസമയം പണം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (എ) | 2024-25 വർഷത്തെ ഒന്നാംവിള നെല്ല് സംഭരിക്കുന്നതിനു 42 മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിൽ കൊയ്ത്തു ആരംഭിച്ച ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്ന് 2024 ഓഗസ്റ്റ് 28 മുതൽ മില്ലുകൾ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചു തുടങ്ങിയിട്ടുണ്ട്. സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി റേഷൻകടകളിലൂടെ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിനു ശേഷമേ താങ്ങുവിലയുടെ ക്ലെയിം കേന്ദ്രം അനുവദിച്ചു നൽകുകയുള്ളൂ. ഈ കാലതാമസം ഒഴിവാക്കുന്നതിനാണ് പി.ആർ.എസ് വായ്പാ പദ്ധതി ഏർപ്പെടുത്തിയിട്ടുള്ളത്. 2024-25 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് നെല്ലിന്റെ വില അവരുടെ അക്കൗണ്ടുകളിൽ പി ആർ എസ് വായ്പയായി നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ ചർച്ച നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ